# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാ.വി.വ.-ജീവനക്കാര്യം-സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ ജോലിനോക്കുന്ന ശ്രീ.സുബി മൈക്കിളിന് (പെൻ: 731724) തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ-ജില്ല സ്ഥലമ്മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനകാര്യം (ഡി) വിഭാഗം

നം: ഇ.ഡി-3/25714/19/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 16.09.2023

---

വായന:- 1. 08/03/1966 തീയ്യതിയിലെ സ.ഉ. (അച്ചടി) 82/പി.ഡി. (റൂൾസ്) നമ്പർ സർക്കാർ ഉത്തരവ്
2. 21/01/2002 തീയ്യതിയിലെ സ.ഉ. (അച്ചടി) 1/2002/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
3. 30/01/2019 തീയ്യതിയിലെ സ.ഉ. (അച്ചടി) 1/2019/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
4. ഷോർണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറ്റിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജിലെ ആഫീസ് അറ്റൻഡൻറ്റ് ശ്രീ.സുബി മൈക്കിൾ സമർപ്പിച്ച 24/11/2021, 02/06/2022 തീയ്യതികളിലെ അപേക്ഷകൾ
5. ഷോർണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറ്റിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പളിൻറ്റെ 25/11/2021, 04/06/2022 തീയ്യതികളിലെ ഡി2/416/21/ഐ.പി.ടി.&ജി.പി.ടി.സി. നമ്പർ കത്തുകൾ

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറ്റിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജിൽ ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ ജോലിനോക്കുന്ന ശ്രീ.സുബി മൈക്കിൾ (പെൻ: 731724) ടിയാളുടെ പരാമർശം (4) ലെ അപേക്ഷകൾ പ്രകാരം തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ-ജില്ല സ്ഥലമ്മാറ്റത്തിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതും, ടി അപേക്ഷകൾ പരിശോധിച്ചതിൽ പാലക്കാട് ജില്ല പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വാച്ച്മാൻ തസ്തികയിൽ 05/07/2014 പൂർവ്വാഹ്നം മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും, തസ്തികമാറ്റം മുഖേന ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ നിലവിൽ ജോലിനോക്കുന്നതുമായ ടിയാൻ ടി തസ്തികയിലെ നിരീക്ഷണ കാലയളവും, നിയമന ജില്ലയിൽ 5 വർഷത്തെ സേവനവും പൂർത്തീകരിച്ച സാഹചര്യത്തിൽ പരാമർശം (1) (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രത്യേക ചട്ടങ്ങളിലെ ചട്ടം 17 (d) യിലെ വ്യവസ്ഥകൾക്ക് വിധേയമായി അന്തർ-ജില്ല സ്ഥലമ്മാറ്റത്തിലേയ്ക്ക് യോഗ്യതനേടിയിട്ടുണ്ട്.

മേൽസാഹചര്യത്തിൽ പരാമർശം (4) ലെ അപേക്ഷയും, പരാമർശം (5) ലെ ശുപാർശയും പരിഗണിച്ച് പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറ്റിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജിൽ ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ ജോലിനോക്കുന്ന ശ്രീ.സുബി മൈക്കിൾ (പെൻ: 731724) നെ പരാമർശം (1) (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രത്യേക ചട്ടങ്ങളിലെ ചട്ടം 17 (d) യിലെ വ്യവസ്ഥകൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ അന്തർ-ജില്ല സ്ഥലമ്മാറ്റം അനുവദിച്ചും, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഹോസ്റ്റൽ ആഫീസിൽ നിലവിലുള്ള ഒഴിവിൽ ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ നിയമിച്ചും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാൻ വാച്ച്മാൻ/ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ നിരീക്ഷണകാലയളവ് പൂർത്തീകരിച്ചിട്ടുള്ളതിനാൽ പരാമർശം (3) ലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി തസ്തികയിൽ വീണ്ടും നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതില്ല. ഈ ഉത്തരവിൻറ്റെ വെളിച്ചത്തിൽ ടിയാൻ ആഫീസ് അറ്റൻഡൻറ്റ് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയ്യതി മുതൽ ടി തസ്തികയിലെ ടിയാൻറ്റെ സീനിയോരിറ്റി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രത്യേക ചട്ടങ്ങളിലെ ചട്ടം 17(d) യിലെ വ്യവസ്ഥകൾക്ക് വിധേയമായി പുനക്രമീകരിച്ച് നിജപ്പെടുത്തുന്നതുമാണ്.

Draft #7 of File ED3/25714/19/DTE Approved by Senior Administrative Officer on 16-Sep-2023 04:16 PM - Page 1

ടിയാൻറെ വിടുതൽ/ചേരുംകാലം യഥാസമയം അതാത് ആഫീസ് മേധാവികൾ ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. ശ്രീ.സുബി മൈക്കിൾ, ആഫീസ് അറ്റൻഡൻറ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറ്റിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജ്, ഷൊർണ്ണൂർ, പാലക്കാട് (ആഫീസ് മേധാവി മുഖാന്തിരം)
2. പ്രിൻസിപ്പൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറ്റിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജ്, ഷൊർണ്ണൂർ, പാലക്കാട് (ഡിഡിഎഫ്എസ് മുഖാന്തിരം)
3. പ്രിൻസിപ്പൽ/വാർഡൻ, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഹോസ്റ്റൽ ആഫീസ്, തിരുവനന്തപുരം (ഡിഡിഎഫ്എസ്/ ഇ-മെയിൽ മുഖാന്തിരം)

പകർപ്പ്

1. ഗ്രേഡേഷൻ സെക്ഷൻ, ഡിടിഇ (ഡിഡിഎഫ്എസ് മുഖാന്തിരം)
2. കരുതൽ ഫയൽ/ആഫീസ് കോപ്പി

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 16.09.2023
Reason: Approved

Draft #7 of File ED3/25714/19/DTE Approved by Senior Administrative Officer on 16-Sep-2023 04:16 PM - Page 2

The document is digitally approved. Hence signature is not needed.